**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **23-02-2022 - ൽ മറുപടിയ്ക്ക്**

**ലോട്ടറി ക്ഷേമനിധി ബോർഡിലെ അംഗത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷന് അംഗീകൃത തൊഴിലാളി സംഘടനകളുടെ അംഗീകാരം നിർബന്ധമായിരുന്നത് ഭേദഗതി വരുത്തി 2020ൽ ഗസറ്റ് നോട്ടിഫിക്കേഷൻ ആയിട്ടും നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; ഇത് എന്ന് മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. SRO 327/2020 ആയി പദ്ധതി ഭേദഗതി വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും അതിനനുസൃതമായി അംഗത്വ രജിസ്ട്രേഷനുള്ള ഫോറം നമ്പർ 1 ൽ ഭേദഗതി വരുത്തിയിരുന്നില്ല. ഇതിനുള്ള പദ്ധതി ഭേദഗതി ശിപാർശ ക്ഷേമനിധി ബോർഡ് സി.ഇ.ഒ യിൽ നിന്നും ലഭ്യമാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത് ഭേദഗതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രകൃതി ദുരന്തവും മറ്റ് അപകടങ്ങൾ നിമിത്തവും ലോട്ടറി ടിക്കറ്റുകൾ നഷ്ടപ്പെടുന്നത് മൂലം ഏജന്റുമാർക്ക് നഷ്ടം സംഭവിക്കാറുള്ളതിനാൽ ടിക്കറ്റിന് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ലോട്ടറി ടിക്കറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ